ജല വിതരണ പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ തന്നെ ഏറ്റെടുത്തു നടത്തേണ്ടതിനാൽ, പ്രസ്തുത പദ്ധതി പ്രകാരം പഞ്ചായത്തുതലത്തിൽ നടപ്പിലാക്കേണ്ടതാണ്.

(സി) ഇല്ല.

(ഡി) മുകളിൽ (സി) ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) സ്വീകരിക്കുന്നതാണ്.

89 (1195) മങ്കര ഹരിജൻ കോളനിയിലേക്കുള്ള ഫാം റോഡ്

ശ്രീ. എ കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയൂർ മണ്ഡലത്തിലെ മണിയൂർ പഞ്ചായത്തിൽ ഏളൻപിലാട് ഹരിജൻ കോളനിയിൽനിന്നും മങ്കര ഹരിജൻ കോളനിയിലേയ്ക്കുള്ള ഫാം റോഡ് നിർമ്മാണത്തിന് അനുമതി ലഭിക്കുന്നതിന് നൽകിയ നിവേദനം 'കാഡ'യ്ക്ക് കൈമാറിയ നമ്പർ 32042/കാഡ.2/98/ഇറിഗേഷൻ ഫയലിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) പുതിയ ഫാം റോഡ് നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടില്ലാത്തതിനാലും വികേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൽ ഗ്രാമീണ റോഡുകളുടെ നിർമ്മാണം ത്രിതല പഞ്ചായത്തുകൾ അവയുടെ സ്വന്തം ഫണ്ട് വിനിയോഗിച്ച് ഏറ്റെടുത്ത് നടത്തേണ്ടതാണെന്ന് പ്ലാൻ റൈറ്റപ്പിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും പുതിയ ഫാം റോഡുകളൊന്നും ഏറ്റെടുക്കേണ്ടതില്ല എന്ന് 23.5.98-ലെ 5962/കാഡ2/98 ജല.വ. കത്ത് പ്രകാരം സർക്കാർ കാഡാ അഡ്മിനിസ്ട്രേറ്ററെ അറിയിച്ചിരുന്നു. ആയതിനാൽ അഡ്മിനിസ്ട്രേറ്റർക്ക് കൈമാറിയ നിർദ്ദിഷ്ട നിവേദനത്തിൽ അഡ്മിനിസ്ട്രേറ്റർ പ്രത്യേക നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല.

90 (1196) വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ എത്ര അസിസ്റ്റന്റ് എൻജിനീയർമാരുടെ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ട്;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്നായിരുന്നു; എത്ര ഒഴിവുകൾക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്;

(സി) നിലവിലുള്ള ഒഴിവുകളിലേയ്ക്ക് എത്ര തവണ വിവിധ സർക്കാർ ഓഫീസുകൾ മുഖാന്തിരം താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഒഴിവുകളിലേയ്ക്ക് കഴിയുംവേഗം നിയമനം നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ ഓർമ്മക്കുറിപ്പുകൾ മുഖാന്തിരം പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) കുടിവെള്ള വിതരണം, സ്വീവേജ് എന്നിവ കുറ്റമറ്റതാക്കാൻ നിലവിൽ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 121 (നൂറ്റി ഇരുപത്തി ഒന്ന്).

(ബി) ഗസറ്റ് നോട്ടിഫിക്കേഷൻ 5.5.98 അനുസരിച്ച് ഒഴിവുകൾ നികത്തുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 68 ഒഴിവുകൾക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

(സി) ഏഴു തവണ, ദക്ഷിണമേഖലയിൽ 3 പ്രാവശ്യവും, ഉത്തരമേഖലയിൽ 2 പ്രാവശ്യവും, ഐ.പി.ഡി.യിൽ 2 പ്രാവശ്യവും താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) പി.എസ്.സി.യോട് നിയമനം അടിയന്തിരമായി നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

91 (1197) കേരള വാട്ടർ അതോറിറ്റിയിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ അതോറിറ്റിയിൽ എക്സിക്യൂട്ടീവ്, മിഡിൽ ലേബർ എക്സിക്യൂട്ടീവ്, ലോവർ കാറ്റഗറി, വർക്കർ കാറ്റഗറി എന്നീ ഓരോ ഇനത്തിലും ഉള്ള ജീവനക്കാരുടെ എണ്ണം എത്രയാണ്: ഓരോ വിഭാഗത്തിലേയും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടിക വിഭാഗക്കാർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ വേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 20.3.85-ലെ ജി.ഒ.(എം.എസ്.) നമ്പർ 114/85/ജി.എ.ഡി., 10.11.93-ലെ ജി.ഒ. (എം.എസ്.) നമ്പർ 23/93/പ്ലാനിംഗ്, 22.1.1994-ലെ ജി.ഒ.(എം.എസ്.) നമ്പർ 25/94/ജി.എ.ഡി. അടക്കമുള്ള വിവിധ ഉത്തരവുകൾ ലംഘിച്ചതിന് കാരണക്കാരായ അതോറിറ്റിയിലെ ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണ്; ഇവർക്കെതിരെ ഉചിതമായ നടപടി എടുക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവ് സമയബന്ധിതമായി പരിഹരിക്കാൻ എന്തു നടപടിയാണ് സർക്കാർ എടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1. എക്സിക്യൂട്ടീവ് ലെവൽ മൊത്തം : 414

LIBRARY ARCHIVES Kerala Legislative Assembly